**576**

കരുണ നിറഞ്ഞ കടലേ കാലാകാലമെല്ലാം എന്നെ കാത്തിടണേ
കർത്താവേ കൈവിടാതെ കരുണ നിറഞ്ഞ കടലേ-

1 ഓളങ്ങൾ മലപോലുയർന്നിടുന്ന വേളയിലും വൻവിനകളിലും
ചിറകടിയിൽ തവ നിഴലിൽ അഭയം തരും നീയെനിക്ക്-

2 മാരുത-നെതിരായ് വീശിടിലും മാറയിന്നനുഭവമേറിടിലും
മനസ്സലിഞ്ഞു മറവിടത്തിൽ മന്നവാ എന്നെ കാത്തിടണേ-

3 വൈരികൾ നടുവിൽ വിരുന്നൊരുക്കി ധൈര്യമായെന്നെ വഴി നടത്തും
പരമനാഥാ! നീ നിയതം പിരിയാതരികിൽ പാർക്കണമേ-

4 കാൽവറി കുരിശതിലെനിക്കായി വാവിട്ടു കരഞ്ഞു മരിച്ചവന്നായ്
എരിഞ്ഞുതീർന്നു ധരയിൽനിന്നും പിരിഞ്ഞുപൊവതെന്നാഗ്രഹമാം- **G.P.**